(ബി) കമാനങ്ങൾ ഉൾപ്പടെയുള്ള വിവിധ ആവശ്യങ്ങൾക്കായി 27-11-2014 വരെ 21,95,204 രൂപ ചെലവഴിച്ചു.

(സി) സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന വികലാംഗ പെൻഷൻ, അഗതി/വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ 2014 ആഗസ്റ്റ് മാസം വരെ വിതരണം നടത്തിയിട്ടുണ്ട്. 2014 സെപ്റ്റംബർ മുതലുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശിക ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി വിതരണം നടത്തുന്നതാണ്.

സാമൂഹികനീതി വകുപ്പിൽ നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം

308(3595) ശ്രീ. ജോസ് തെറ്റയിൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ നീതി വകുപ്പിൽ നബാർഡു ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം എസ്.എൽ.എസ്.സി. അംഗീകാരം ലഭിച്ച അംഗനവാടികളുടെ പുനർ നിർമ്മാണത്തിനു സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിൽനിന്നും ഏതെല്ലാം അംഗനവാടികളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിപ്രകാരം 376 അങ്കണവാടികൾക്ക് 8.10 ലക്ഷം രൂപ വീതം ചെലവഴിച്ച് കെട്ടിടം പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ രണ്ട് കെട്ടിടങ്ങൾക്ക് മാത്രമാണ് പുനർനിർമ്മാണത്തിന് ഫണ്ട് ലഭിച്ചിട്ടുള്ളത്.

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ മലയാറ്റൂർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 22, മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 69, കുറുകുറ്റി ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 96, എന്നീ അങ്കണവാടികളെ ആണ് നബാർഡ് പദ്ധതി പ്രകാരം പുനരുദ്ധാരണത്തിന് തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ സെന്റർ നമ്പർ 22,96 എന്നീ അങ്കണവാടികളുടെ നിർമ്മാണ ചുമതല ബെനിഫിഷറി കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. സെന്റർ നമ്പർ 69-ന് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly